വിത്ത് പ്ലാന്റർ ബോക്സ്, ഹാർഡ് റെയിൽ, എൻട്രൻസ് ഗെയിറ്റ്, നെയിം ബോർഡ്, ടോയ്ലറ്റ് ബ്ലോക്ക്, എൻട്രസ് പ്ലാസ, കോമ്പൗണ്ട് വാൾ മുതലായവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) ഹൈറേഞ്ചിന്റെ കവാടവും ഏറെ വിനോദസഞ്ചാരികൾ നിത്യേന സന്ദർശിക്കുന്നതുമായ നേര്യമംഗലം കൃഷി ഫാമിൽ ഫാം ടൂറിസം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഇപ്പോൾ അനുവദിച്ച 13.53 കോടി രൂപ വിനിയോഗിച്ച് ഫാം ടൂറിസവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ നേര്യമംഗലം കൃഷി ഫാമിൽ വേഗത്തിൽ പുരോഗമിച്ചുവരികയാണ്.

കാർഷിക വിളകളുടെ നാശനഷ്ടങ്ങൾ

56(2775) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ പ്രളയംമൂലമുണ്ടായിട്ടുള്ള കാർഷിക വിളകളുടെ നാശനഷ്ടങ്ങളുടെ കണക്കുകൾ ലഭ്യമാക്കുമോ; ഇവയ്ക്ക് വിള ഇൻഷ്വറൻസ് പരിരക്ഷയും നഷ്ട പരിഹാരത്തുകയും വിതരണം ചെയ്യുന്നത് പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ വിളകൾക്കുണ്ടായ നാശനഷ്ടം 18545.25 കോടി രൂപ, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവമൂലം കൃഷി ഭൂമിക്കുണ്ടായ നാശം 326.25 കോടി രൂപ, കാർഷിക മേഖലയിലെ ആസ്തികൾക്കും ഉല്പാദനോപാധികൾക്കുമുണ്ടായ നാശനഷ്ടം 130.34 കോടി രൂപ എന്നിവ ഉൾപ്പെടുന്നു. 2018-19-ൽ പ്രളയത്തിൽ കൃഷി നശിച്ചവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായി 17579 ലക്ഷം രൂപയും, എസ്.ഡി.ആർ.എഫ്.-ൽനിന്ന് 11598.8514 ലക്ഷം രൂപയും അനുവദിച്ചു. എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം പ്രളയത്തിന്റെ കൂടിശ്ശികയുണ്ടായിരുന്ന 175.0473 ലക്ഷം രൂപയും ഇപ്പോൾ 2021-22-ലെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2018-19 ൽ 3996.47315 ലക്ഷം രൂപയും കൂടിശ്ശിക നൽകുവാനുണ്ടായിരുന്ന 2037 ലക്ഷം രൂപ 2019-20-ലും അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly